# പത്രക്കുറിപ്പ്

നഗരഗ്രാമാസൂത്രണ വകുപ്പിലെ ഫയൽ അദാലത്ത് 2017 ഏപ്രിൽ 18–ാം തീയതി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ഡോ: കെ.ടി.ജലീലിന്റെ നേതൃത്വത്തിൽ നന്തൻകോട് സ്വരാജ് ഭവനിൽ വച്ച് നടക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.ടി.കെ.ജോസ് ഐ.എ.എസ്, ചീഫ് ടൗൺ പ്ലാനർമാർ, നഗരകാര്യ വകുപ്പ് ഡയറക്ടർ എന്നിവർ അദാലത്തിൽ പങ്കെടുത്തു.

പ്രസ്തുത അദാലത്തിൽ അപേക്ഷകർക്ക് നേരിട്ട് ഹാജരായി, അവർ സമർപ്പിച്ച അപേക്ഷകളിൻമേൽ പരിഹാരം തേടാനുള്ള അവസരം ലഭിക്കുകയുണ്ടായി. സംസ്ഥാന ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആകെ 122 അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കാനായി ലഭിച്ചത്. ആയതിൽ വിവിധ ജില്ലകളിൽ നിന്നായി 86 അപേക്ഷകർ നേരിട്ട് ഹാജരായി. തിരുവനന്തപുരം ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷ കൾ അദാലത്തിൽ ലഭിച്ചത്–44 എണ്ണം. ആയതിൽ 35 അപേക്ഷകർ നേരിട്ട് ഹാജരായി. നഗരഗ്രാമാസൂത്രണ വകുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൻമേൽ ബഹുമാനപ്പെട്ട മന്ത്രി തീരുമാനം കൈക്കൊണ്ട് ഉത്തരവിടുകയുണ്ടായി.

**ചീഫ് ടൗൺ പ്ലാനർ**

തിരുവനന്തപുരം
18.04.2017